# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.8204 17.07.2014 -ൽ മറുപടിയ്ക്ക്

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി ടെക്നോ സ്കൂൾ പദ്ധതി

ചോദ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. വി.പി.സജീന്ദ്രൻ
ശ്രീ. എം.പി.വിൻസെന്റ്

ഉത്തരം

ശ്രീ.ഷിബു ബേബി ജോൺ
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി സംസ്ഥാനത്ത് ടെക്നോ സ്കൂൾ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം ടെക്നോസ്ക്കിൽ പൂൾ എന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിവരുന്നു. അസംഘടിത മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയ ഉദ്യോഗാർത്ഥിക ളിൽ നിന്നും പൊതുജനങ്ങളുടെ നിത്യജീവിതത്തി ലാവശ്യമായിട്ടുള്ള പ്ലംബർ, കാർപ്പെന്റർ, ഇലക്ട്രീഷ്യൻ, പെയിന്റർ, മേസൺ മുതലായ സാങ്കേതിക നൈപുണ്യമുള്ളവരുടെ രജിസ്ട്രേഷൻ നടത്തി അവരുടെ സേവനം, കാൾസെന്റർ, വെബ്പോർട്ടൽ മുതലായവയുടെ സഹായത്താൽ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശി ക്കുന്നത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | അസംഘടിത മേഖലയിൽ സാങ്കേതിക വൈദഗ്ധ്യവും പ്രായോഗിക പരിജ്ഞാനവുമുള്ള തൊഴിലാളികളേയും അവരുടെ സേവനം ആവശ്യമുള്ളവരെയും തമ്മിൽ ബന്ധിപ്പിക്കുക, പൊതുജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ആവശ്യമായ സാങ്കേതിക വിദഗ്ധരെ വളരെ എളുപ്പത്തിൽ ലഭ്യമാക്കുക, അസംഘടിത തൊഴിൽ മേഖലയിലെ ഇടനിലക്കാരുടെ ചൂഷണത്തിന് അറുതി വരുത്തുക, ചുരുങ്ങിയ ചെലവിൽ ഗുണമേൻമയുള്ള മാനവശേഷി ലഭ്യമാക്കുക, തൊഴിലില്ലായ്മ പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിപ്രകാരം കൈവരിക്കാ നുദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | വിവിധ തൊഴിലുകളിൽ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) | അസംഘടിത മേഖലയിലെ തൊഴിൽ വൈദഗ്ദ്യം ഉള്ളവരുടെ രജിസ്ട്രേഷൻ നടത്തുക, വെബ്പോർട്ടൽ, 24 മണിക്കൂർ കാൾസെന്റർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് അനുബന്ധിച്ചുള്ള സർവ്വീസ് സെന്റർ മുതലായവ വഴി പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നീ കാര്യങ്ങളാണ് നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആയത് പരിശോധിച്ച് പദ്ധതി കൂടുതൽ ജനോപകാരപ്രദവും ആകർഷകവുമാക്കുന്നതിന് വിവിധതലങ്ങളിൽ ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ